## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3646. 25.06.2013 ൽ മറുപടിയ്ക്ക്.

### ടാക്സി - ഓട്ടോ ഡ്രൈവർമാർക്ക് ബാഡ്ജ്

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ടാക്സി - ഓട്ടോ ഡ്രൈവർമാർക്ക് ബാഡ്ജ് ലഭിക്കുന്നതിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചു കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) ഇതു മൂലം ടാക്സി- ഓട്ടോ ഡ്രൈവർമാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) പത്തോ അതിലധികമോ വർഷങ്ങളായി ഡ്രൈവർ ജോലി-യെടുക്കുന്നവരെ പ്രസ്തുത നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 8 ഭേദഗതി ചെയ്തുകൊണ്ട് 10/04/2007 മുതൽ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് ഉള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8ാം ക്ലാസ്സായി നിഷ്കർഷിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 10/04/2007 ന് മുൻപ് ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ളവർക്ക് ഈ ചട്ടത്തിലെ വ്യവസ്ഥ ബാധകമല്ല. പ്രസ്തുത ചട്ടത്തിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. അതിനാൽ മറ്റൊരു വിഭാഗത്തിനെയും യോഗ്യതാ നിബന്ധനയിൽ നിന്ന് ഒഴിവാക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ.